വ് 'എഫ്–16' വിമാനങ്ങളിലൂടെ പാകിസ്ഥാൻ നേടിക്കൊണ്ടിരിക്കയാണ്. അതുപോലെ ഇന്ത്യൻ കടൽത്തീര നഗരങ്ങളെ ആകെ വെടിവെച്ചു തകർക്കാൻ പാകിസ്ഥാൻ നാവികപ്പടയ്ക്കു കഴിവ് കൈവന്നിട്ടുണ്ടോ എന്നു നമുക്ക് അറിവായിട്ടില്ല. ഇനിയൊരു ഇന്ത്യാ–പാകിസ്ഥാൻ യുദ്ധമുണ്ടായാൽ അപ്പോൾ ബംഗാൾ ഉൾക്കടലോ അറബിക്കടലോ ഇന്ത്യൻ കപ്പലുകൾക്കു സുരക്ഷിത മേഖലയായിക്കൊള്ളണമെന്നില്ല. ഈ ആണ്ടിൽ പാകിസ്ഥാൻ ഗവണ്മെൻറിൻെറ ആകെ ബജററ്ചെലവിൽ പകുതിയോളം പട്ടാളങ്ങൾക്കും ആയുധങ്ങൾ വാങ്ങാനും വേണ്ടിയുള്ള ചെലവാണെന്ന കാര്യവും ഓർമിക്കേണ്ടതാണ്.

ഈ പശ്ചാത്തലത്തിൽ വേണം, ഒക്ടോബർ 15–ാം തീയതി പാർലമെൻറിൽ ഇന്ത്യയുടെ രാജ്യരക്ഷാമന്ത്രി ശ്രീ വെങ്കട്ടരാമൻ ചെയ്ത ഒരു പ്രസ്താവനയുടെ അർത്ഥം നാം മനസ്സിലാക്കുക. ശ്രീ വെങ്കട്ടരാമൻ പറഞ്ഞു: 'പാകിസ്ഥാനിലെ സംഭവവികാസങ്ങൾ ഇന്ത്യ ശ്രദ്ധിക്കുന്നുണ്ട്; അവർ വാങ്ങുന്ന ഓരോ ആയുധത്തിനും യുദ്ധോപകരണത്തിനും തുല്യമായവ നാം സംഭരിക്കുന്നുമുണ്ട്.' ഇന്ത്യയിൽ നിർമിക്കുന്ന യുദ്ധോപകരണങ്ങൾക്കും ആയുധങ്ങൾക്കും പുറമേ, സോവിയററ് റഷ്യ, ഫ്രാൻസ്, ബ്രിട്ടൻ, പടിഞ്ഞാറൻ ജർമനി, സ്വീഡൻ, ഇററലി മുതലായ രാജ്യങ്ങളിൽനിന്നും ഇവ വാങ്ങാനുള്ള ഏർപ്പാടുകൾ ഇന്ത്യ ചെയ്തുവരികയാണ്.

സ്വതേ ദരിദ്രരുടെ നാടാണ് ഇന്ത്യ. വരൾച്ചയും വെള്ളപ്പൊക്കവും ഈയാണ്ടിൽ കൃഷിപ്പിഴ വരുത്തിവെച്ചിരിക്കുന്നു. ഗ്രാമങ്ങളിൽ മനുഷ്യർക്കും കന്നുകാലികൾക്കും കുടിനീർ എത്തിക്കുവാൻ ചെലവഴിക്കേണ്ട പണം യുദ്ധോപകരണങ്ങൾ വാങ്ങാൻ വഴിതിരിച്ചുവിടേണ്ടിവരുന്നു. ഈ വൈരുദ്ധ്യം, വ്യസനകരമായ ഈ പരമാർത്ഥം, ഓരോ ഇന്ത്യൻ പൗരനും, സ്വന്തം യുക്തിബോധമനുസരിച്ചു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

മനസ്സിലാക്കുന്നുണ്ടോ? നിരക്ഷരരായ സാധാരണക്കാരുടെ കഥ പോകട്ടെ, കാലുമാററക്കാരും കുതികാൽവെട്ടികളും പാർട്ടി പിളർപ്പന്മാരും ചാക്കിട്ടുപിടിയന്മാരും മററുമായ നമ്മുടെ രാഷ്ട്രീയനേതാക്കൾ ഇതു് വല്ലതും മനസ്സിലാക്കുന്നുണ്ടോ? അധികാരത്തിൻെറ ഇളവെയിലിൽ ഇരിക്കാൻ കിട്ടിയ അല്പം സമയം ഉപയോഗിച്ചു് ഭാര്യക്കും കുട്ടികൾക്കും എന്നെന്നേക്കും സുഖമായി കഴിയാൻ വേണ്ട ആസ്തികൾ വാരിക്കൂട്ടുന്നതിൽ മാത്രം കണ്ണുള്ള നമ്മുടെ ഭരണമേധാവിമാർ ഇതിനെപ്പററി ശ്രദ്ധിക്കുന്നുണ്ടോ? സംഘടിച്ച് അവകാശങ്ങൾ പിടിച്ചുപററാൻ സമരം ചെയ്യുന്ന 'ഉദ്ബുദ്ധ' വിഭാഗങ്ങൾ ഇക്കാര്യങ്ങൾ ആലോചിക്കുന്നുണ്ടോ?

ബൈബിളിൽ പറഞ്ഞപോലെ, കണ്ണുള്ളവർ കാണട്ടെ; കാതുള്ളവർ കേൾക്കട്ടെ!

21 നവംബർ, 1982

## 20. വിഭക്ത രാഷ്ട്രങ്ങൾ

'ദൈവം മനുഷ്യനു ഗാഢനിദ്രവരുത്തി, അയാൾ ഉറങ്ങിയപ്പോൾ, അയാളുടെ വാരിയെല്ലുകളിൽ ഒന്ന് എടുത്തു. ദൈവം മനുഷ്യനിൽനിന്നു് എടുത്ത വാരിയെല്ലിനെ സ്ത്രീയാക്കി; അവളെ മനുഷ്യൻെറ അടുക്കൽ കൊണ്ടുവന്നു. അപ്പോൾ മനുഷ്യൻ പറഞ്ഞു: 'ഇതു് എൻെറ അസ്ഥിയിൽനിന്ന് അസ്ഥിയും മാംസത്തിൽനിന്നു മാംസവും ആകുന്നു.' അതുകൊണ്ടു പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞു് ഭാര്യയോടു പററിച്ചേരും; അവർ ഏകദേഹമായിത്തീരും.'

സ്ത്രീയോടു പുരുഷനുള്ള അടക്കാനാവാത്ത ആകർഷണത്തിന് ബൈബിൾ നൽകുന്ന വിശദീകരണമാണു മുകളിൽ ഉദ്ധരിച്ചത്.

മനുഷ്യനെ സംബന്ധിച്ചിടത്തോളം പ്രസക്തമായതു് മനുഷ്യരുടെ സംഘടനകളായ രാഷ്ട്രങ്ങളുടെ കാര്യത്തിൽ തീരെ അപ്രസക്തമാവുമോ? ഇല്ലെങ്കിൽ, നാളത്തെ ചരിത്രത്തിന്റെ പ്രധാന പ്രശ്നങ്ങളിലൊന്നു വിഭജിക്കപ്പെട്ട രാഷ്ട്രങ്ങളുടെ പുനരേകീകരണം ആയിക്കൂടെന്നില്ല.

അവിഭക്തങ്ങളായിരുന്ന പല രാഷ്ട്രങ്ങളും രണ്ടാം ലോകമഹായുദ്ധത്തെത്തുടർന്ന് വിഭജിക്കപ്പെടുകയുണ്ടായി. യുദ്ധത്തിനു കാരണമായിത്തീർന്ന ജർമനിയുടെ കാര്യംതന്നെ എടുക്കുക. യുദ്ധാവസാനത്തിൽ ജർമനിയുടെ കിഴക്കേ പകുതി റഷ്യൻ സൈന്യങ്ങളുടെ കീഴിലായി. പടഞ്ഞാറെ പകുതി ബ്രിട്ടീഷ്—അമേരിക്കൻ സൈന്യങ്ങളുടെ കീഴിലും; അധിനിവേശ സൈന്യങ്ങൾ പിന്നീട് പിൻവാങ്ങിയെങ്കിലും ജർമനിയുടെ വിഭക്താവസ്ഥ ഇപ്പോഴും തുടരുകയാണ്. കിഴക്കേ ജർമനി കമ്യൂണിസ്റ്റ് വ്യവസ്ഥിതി സ്വീകരിച്ചു; പടിഞ്ഞാറേ ജർമനി മുതലാളിത്ത വ്യവസ്ഥിതിയെ പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്തു. രണ്ടു ജർമനികളെ ഏകീകരിക്കുക എന്നതിന്റെ അർത്ഥം ഇന്ന് യൂറോപ്പിലുള്ള ദുർബലമായ സന്തുലനത്തെ തകരാറിലാക്കുക എന്നാണ്. നിമിഷങ്ങൾക്കുള്ളിൽ സർവവും സംഹരിക്കുന്ന ഒരു അണുയുദ്ധത്തിലേക്കേ ഇതു നയിക്കൂ എന്ന് എല്ലാവർക്കുമറിയാം. അതിനാൽ ജർമനികളുടെ ഏകീകരണത്തിനുള്ള പരിശ്രമം ഇപ്പോൾ പ്രകടരൂപത്തിൽ നടക്കുന്നില്ല. എങ്കിലും എല്ലാ ജർമൻകാരുടെയും ഹൃദയങ്ങൾക്കുള്ളിൽ ജർമനികളെ വീണ്ടും 'ഏകദേഹ' മാക്കിത്തീർക്കുന്നതിനുള്ള ഉല്ക്കടമായ ആഗ്രഹം നീറിപ്പുകഞ്ഞുകൊണ്ടിരിക്കുന്നുണ്ടെന്നതു് ഒരു വസ്തുതയാണ്. ഏതു വ്യവസ്ഥകളിൽ ഈ ഏകീകരണം വേണമെന്ന കാര്യത്തിലേ അവർ തമ്മിൽ അഭിപ്രായവ്യത്യാസമുള്ളു.

യുദ്ധത്തെത്തുടർന്നു വിഭജിക്കപ്പെട്ട മറ്റൊരു രാഷ്ട്രമാണു ചൈന. മാവോ സി ഡോങ്ങിന്റെ നേതൃത്വത്തിൽ കമ്യൂണിസ്റ്റ് വിപ്ലവം വിജയിച്ചപ്പോൾ ചാങ്കാ ഷായുടെ ഗവണ്മെന്റ് ചൈനാ വൻകരയിൽനിന്നു പിൻവാങ്ങി തായ്‌വാനിൽ (ഫോർമോസാ ദ്വീപിൽ) താവളം ഉറപ്പിച്ചു. ചൈനയെ സംബന്ധിച്ചിടത്തോളം ഉപകാരമായിത്തീർന്ന ഒരു ഉർവശീശാപം ആയിരുന്നു ഇതു്. കമ്യൂണിസത്തിനെതിരായിരുന്ന ചൈനക്കാർ മിക്കവരും തായ്‌വാനിലേക്ക് ഓടിപ്പോയി. ഈ അഭയാർത്ഥിപ്രവാഹം വളരെ കാലത്തേക്കു തുടരുകയും ചെയ്തു. ഇതിന്റെ ഫലമായി ചോരച്ചൊരിച്ചിൽ പരമാവധി കുറയ്ക്കുവാൻ വൻകരയിലെ കമ്യൂണിസ്റ്റ് ഗവണ്മെന്റിനു കഴിഞ്ഞു. തായ്‌വാനിലെ 'നാഷണലിസ്റ്റ്' ഗവണ്മെന്റിനെ അമേരിക്ക അങ്ങേയറ്റം സഹായിച്ചു. വളരെ കാലത്തോളം ഐക്യരാഷ്ട്രസഭയിൽ ചൈനയെ പ്രതിനിധാനം ചെയ്തതു തായ്‌വാൻ ആയിരുന്നു. അമേരിക്കയുടെ നിർലോഭമായ സാമ്പത്തിക സഹായത്തിൻഫലമായി, ഏതാനും വർഷങ്ങൾകൊണ്ടു് വ്യാവസായിക രാഷ്ട്രങ്ങളുടെ മുൻപന്തിയിലെത്തുവാൻ തായ്‌വാനു കഴിഞ്ഞിരിക്കുന്നു. സാമ്പത്തികവൃദ്ധി ഇന്നു ലോകത്തിൽ ഏറ്റവുമധികവുമുള്ളതു്, ഒരുപക്ഷേ, തായ്‌വാനിലാണ്.

മാവോ സി ഡോങ്ങിന്റെ മരണത്തിനു ശേഷം ചൈന സ്വയം 'നവീകരിച്ചു'കൊണ്ടിരിക്കുകയാണ്. നവീകരണമെന്നതിനർത്ഥം പാശ്ചാത്യവല്ക്കരണമെന്നുതന്നെ. അമേരിക്കയുടെ ഏറ്റവും അടുത്ത സുഹൃദ്‌രാജ്യങ്ങളിലൊന്നാണ് ഇപ്പോൾ കമ്യൂണിസ്റ്റ് ചൈന. അനുകൂലമായ ഈ ചുറ്റുപാടുപയോഗപ്പെടുത്തി, സമാധാനപരമായിത്തന്നെ തായ്‌വാനെ ചൈനയിൽ ലയിപ്പിക്കുവാൻ ശ്രമം ആരംഭിച്ചിട്ടുണ്ട്. ഇതിനായി പരമാവധി

വിട്ടുവീഴ്ചകൾ ചെയ്യാൻ ചൈന തയ്യാറാണ്. സാംസ്കാരികവിനിമയം, വാണിജ്യം എന്നീ രംഗങ്ങളിൽ സഹകരണമായി ആരംഭിച്ച് ക്രമേണ രാഷ്ട്രീയമായ ഏകീകരണത്തിൽ എത്തിച്ചേരാനാണ് ഉദ്ദേശ്യം. തായ്‌വാനിലെ നേതാക്കൾക്ക് ചൈനയിലെ രാഷ്ട്രീയജീവിതത്തിലും സർക്കാരിലും നേതൃപദവികൾ നൽകാൻ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി ഒരുക്കമാണ്. അതേസമയം, തായ്‌വാനൊരു സ്വയംഭരണ പ്രദേശമായി, വ്യത്യസ്ത വ്യക്തിത്വം നിലനിറുത്തുകയും ചെയ്യാം.

ഏകീകരണത്തിനു ശേഷം തായ്‌വാന് സ്വന്തം സൈന്യംപോലും ആവാം. അവിടത്തെ മുതലാളിത്ത സാമ്പത്തിക–സാമൂഹ്യ വ്യവസ്ഥ അതേപടി നിലനില്ക്കുന്നതിലും കമ്യൂണിസ്റ്റ് ചൈനയ്ക്കു വിരോധമില്ല. മററു രാജ്യങ്ങളുമായി തായ്‌വാനുള്ള സാമ്പത്തിക-സാംസ്കാരികബന്ധങ്ങളും തുടർന്നുപോവാം. എന്തിന്, സ്വകാര്യസ്വത്ത്, പിൻതുടർച്ചാവകാശം എന്നിവ സംബന്ധിച്ച നിയമങ്ങളിൽപ്പോലും ഒരു മാററവും വരുത്തേണ്ടതില്ല. ജനകീയ ചൈനയുടെ 'രാഷ്ട്രപതി' സ്ഥാനം വഹിക്കുന്ന മാർഷൽ യേജിയാൻ യിങ് സെപ്റ്റംബർ അവസാനത്തിൽ പ്രസ്താവിച്ചതാണ് ഈ വിശദാംശങ്ങൾ. കൂടിയാലോചനകൾ ഈ വഴിക്കു പുരോഗമിക്കുകയാണെങ്കിൽ, ഏതാനും ഭാഗത്തു ശക്തമായ മുതലാളിത്തവും മററു ഭാഗത്ത് അത്രതന്നെ ശക്തമായ കമ്യൂണിസവുമുള്ള ഒരു പുതിയ സ്റ്റേററ് ലോകത്തിൽ ആദ്യമായി നിലവിൽ വരുന്നതായിരിക്കും. സങ്കല്പിക്കാൻ കൂടി പ്രയാസമായ ഒരു വിചിത്ര സ്ഥാപനമായിരിക്കും ഇത്.

യുദ്ധത്തിനു ശേഷം വിഭജിക്കപ്പെട്ട മറെറാരു രാജ്യമാണ് കൊറിയ. തെക്കും വടക്കും കൊറിയകളെ യുദ്ധത്തിലൂടെ ഏകീകരിക്കുന്നതിനുണ്ടായ ശ്രമം ഫലിച്ചില്ല. സമാധാനപരമായ തിരഞ്ഞെടുപ്പുകളിലൂടെ അവയെ ഒന്നാക്കുന്നതിനുള്ള നിർദേശങ്ങൾ രണ്ടു ഭാഗങ്ങളിൽനിന്നും ഇടയ്ക്കിടെ ഉന്നയിക്കപ്പെടാറുണ്ട്. ചൈന ഏകീകരിക്കപ്പെട്ടുകഴിഞ്ഞാൽ പിന്നെ വിഭക്തങ്ങളായി ഏറെക്കാലം തുടരാൻ കൊറിയകൾക്കു കഴിഞ്ഞേക്കുകയില്ല.

വിഭക്ത ഭാരതത്തിന്റെ സ്ഥിതിയോ? ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ആയുധപ്പന്തയത്തിന് ആക്കം കൂടിക്കൊണ്ടിരിക്കുകയാണ്. പാകിസ്ഥാൻ പിളരുകയും ബംഗ്ലാദേശ് സ്വതന്ത്ര രാഷ്ട്രമാവുകയും ചെയ്തപ്പോൾ, അവശിഷ്ട പാകിസ്ഥാൻ മേലിൽ ഇന്ത്യയ്ക്ക് ഒരു ഭീഷണിയാവുകയില്ലെന്നു പലരും പ്രതീക്ഷിക്കുകയുണ്ടായി. ആ പ്രതീക്ഷ അസ്ഥാനത്താണെന്നു വളരെ വേഗം തെളിഞ്ഞു. ഇന്ത്യാ–പാകിസ്ഥാൻ ബന്ധം ഭാവിയിൽ എങ്ങനെ രൂപപ്പെടുമെന്ന് ഇപ്പോൾ പറയുക വയ്യ. ഈ ബന്ധത്തിൽ ആദ്യംമുതല്ക്കേ പിരിമുറുക്കം ഉണ്ടാക്കിക്കൊണ്ടിരുന്നത് കാശ്മീരിന്റെ വിഭജനമാണ്. കാശ്മീരിന്റെ കുറെ ഭാഗം ഇപ്പോൾ ചൈനയും, മററു കുറെ ഭാഗം പാകിസ്ഥാനും കൈവശം വെച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയുടെ കൈയിൽ കാശ്മീരിന്റെ സ്ഥലവിസ്തൃതിയിൽ അഞ്ചിലൊരുഭാഗത്തോളമേ ഉള്ളു.

പാകിസ്ഥാനും ഇന്ത്യയും ഒന്നിച്ചു ചേർന്നുള്ള ഒരു അഖണ്ഡഭാരതത്തെ സംബന്ധിച്ച പ്രതീക്ഷ ജനസംഘക്കാർപോലും ഉപേക്ഷിച്ചതായാണു തോന്നുന്നത്. എങ്കിലും ഇന്ത്യ, പാകിസ്ഥാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങൾക്കിടയിലെ പ്രശ്നങ്ങൾ സ്ഥിരമായി പരിഹരിക്കുന്നതിന് അവയെ ഏതെങ്കിലുമൊരു തലത്തിൽ കൂട്ടിയോജിപ്പിച്ചേ മതിയാവൂ എന്നു ചിന്തിക്കുന്നവർ കുറവല്ല. ഇന്ത്യൻ ഉപദ്വീപത്തെ പല സ്വതന്ത്രപരമാധികാര രാഷ്ട്രങ്ങളായി വിഭജിക്കുന്നതിന് എതിരാണു ഭൂമിശാസ്ത്രവും ചരിത്രവും. പ്രകൃതി യോജിപ്പിച്ചതിനെ എത്രനാൾ അകററി നിറുത്താൻ മനുഷ്യനു കഴിയും? 'ഇതെന്റെ അസ്ഥിയിൽ നിന്ന് അസ്ഥിയും മാംസത്തിൽ നി

ന്നു് മാംസവും ആകുന്നു' എന്നു് ഈ മൂന്നു രാജ്യങ്ങളും പരസ്പരം പറയുന്ന ഏകദേഹമാവാൻ അവ ആഗ്രഹിക്കുന്ന, ഒരു കാലഘട്ടം എന്നെങ്കിലും ഉണ്ടാവാതിരിക്കുമോ? മതമാണല്ലോ ഇന്ത്യയെ വിഭജിക്കാൻ കാരണമായിത്തീർന്നതു്. മനുഷ്യൻ നന്നായാൽ, മതമേതായാലെന്തു്? മനുഷ്യൻ നന്നാവുന്നില്ലെങ്കിലും, മതമേതായാലെന്തു്?

5 ഒക്ടോബർ, 1981

## 21. വടക്ക്—തെക്ക്—സംവാദം

ഒക്ടോബർ അവസാനത്തിൽ, വടക്കെ അമേരിക്കയിലെ മെക്സിക്കോ രാജ്യത്തുള്ള 'കാൻകൻ' എന്ന സ്ഥലത്തു ചേർന്ന ഇരുപത്തിരണ്ടു രാഷ്ട്രത്തലവന്മാരുടെ സമ്മേളനം, ഉടൻതന്നെ നടപ്പിൽ വരുത്താവുന്ന ഒരു തീരുമാനത്തിലും എത്തിയില്ലെങ്കിലും മനുഷ്യവർഗത്തിന്റെ ഇന്നത്തെ വിക്ഷോഭാവസ്ഥയിലേക്കു വളരെയധികം വെളിച്ചം പകർന്ന ഒരു സംഭവമെന്ന നിലയിൽ തികച്ചും പ്രയോജനകരമായിരുന്നു.

സമൃദ്ധിമദ്ധ്യത്തിലുള്ള ദാരിദ്ര്യമാണു് മനുഷ്യന്റെ ഇന്നത്തെ മഹാപ്രശ്നം. കായികാധ്വാനം പരമാവധി കുറഞ്ഞ ജോലികൾ ദിവസത്തിൽ ഏതാനും മണിക്കൂറുകൾ മാത്രം ചെയ്യുന്നതുവഴി അടിസ്ഥാനജീവിതാവശ്യങ്ങൾ നിറവേററുന്നതിനു പര്യാപ്തമായ വരുമാനം ലോകത്തിലെ എല്ലാ മനുഷ്യർക്കും ഇന്നു നേടുവാൻ കഴിയും. ജോലി കഴിഞ്ഞു മിച്ചം വരുന്ന സമയം വിജ്ഞാനം വളർത്താനും സംസ്കാരസമ്പന്നമായ വിനോദം നേടാനുമുള്ള സൗകര്യങ്ങളും സുലഭമാണു്. ജനനംമുതൽ മരണംവരെ പൂർണമായ ആരോഗ്യം നിലനിർത്താനും മരണമെന്ന അനിവാര്യതയെ പരമാവധി അകലേക്കു തള്ളിനീക്കാനും ഇപ്പോൾ സാദ്ധ്യമായിട്ടുണ്ടു്. പ്രകൃതിയിൽനിന്നോ സഹജീവികളിൽനിന്നോ തന്നിൽനിന്നുതന്നെയോ ഉളവായേക്കാവുന്ന പീഡകളുടെ പരിഹാരമായിരുന്നു മനുഷ്യവർഗത്തിന്റെ നിരന്തര അന്വേഷണവിഷയം. ഈ 'ദുഃഖത്രയ'ത്തിന്റെ നിവാരണത്തിൽ മനുഷ്യൻ ഇന്നു വളരെ വലിയ ഒരളവോളം വിജയിച്ചിരിക്കുന്നു.

പക്ഷേ, ഈ നേട്ടങ്ങളെല്ലാമുള്ളതു് സമ്പന്നരാജ്യങ്ങളിൽ മാത്രമാണു്. ഭൂമദ്ധ്യരേഖയോടു തൊട്ടുകിടക്കുന്ന ഉഷ്ണമേഖലാപ്രദേശരാജ്യങ്ങളിൽ പാർക്കുന്ന ഭൂരിഭാഗം മനുഷ്യരും ഇപ്പോഴും പരമദരിദ്രരാണു്. അക്കാരണത്താൽത്തന്നെ, പരിഷ്കാരത്തിന്റെ നേട്ടങ്ങളൊന്നും അവർക്കു കൈവരുന്നില്ല. അടുത്ത ഭക്ഷണം എവിടെ കിട്ടുമെന്നു് അറിയാത്തവർക്കു സംസ്കാരത്തെപ്പററി ചിന്തിക്കാൻ അവസരമെവിടെ?

ഭൂമദ്ധ്യരേഖയുടെ വടക്കുഭാഗത്താണല്ലോ അധികം ജനവാസപ്രദേശങ്ങളും. വടക്കോട്ടു നീങ്ങിയുള്ള മിതശീതോഷ്ണമേഖലയിലും, പിന്നെയും വടക്കുള്ള ശീതമേഖയിലുമാണു സമ്പന്നരാജ്യങ്ങളധികവും. പടിഞ്ഞാറൻ യൂറോപ്പു്, കാനഡയും യുണൈററഡ് സ്റ്റേററ്സും-ജപ്പാൻമുതലായവ ഈ രാജ്യങ്ങളിൽപ്പെടുന്നു. ന്യൂസിലൻഡ്, ആസ്ട്രേലിയ, തെക്കെ ആഫ്രിക്ക എന്നിവ മദ്ധ്യരേഖയ്ക്കു തെക്കാണെങ്കിലും മിതശീതോഷ്ണമേഖലയിലാണു്. ഈ രാജ്യങ്ങളിലും ദരിദ്രരായ ഏതാനും ആളുകളുണ്ടെങ്കിലും സമ്പന്നതയാണു് അവിടങ്ങളിലെ സാധാരണത്വം; ദാരിദ്ര്യം ഒരു അപവാദം മാത്രമാണു്. മറിച്ച് ഉഷ്ണമേഖലാപ്രദേശത്തു ദാരിദ്ര്യമാണു് സാമാന്യവസ്തുത; സമ്പന്നത അപവാദം മാത്രമാകുന്നു.

ഇന്ത്യ അടക്കമുള്ള ഉഷ്ണമേഖലാരാജ്യങ്ങളിലെ ദാരിദ്ര്യത്തിനു കാരണ